പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2705

27.01.2014 -ൽ മറുപടിയ്ക്ക്

## സെബാസ്റ്റ്യന്റെ ആക്സിഡന്റ് ഇൻഷ്വറൻസ് ക്ലെയിം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിൽ ജലസേചന വകുപ്പിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ പ്യൂണായി ജോലി ചെയ്തിരുന്ന സെബാസ്ററ്യൻ സർവ്വീസിലിരിക്കെ അപകടത്തിൽ മരണമടയുകയും സർക്കാർ ജീവനക്കാർക്കുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പ്രകാരമുള്ള നഷ്ടപരിഹാര തുക ലഭിക്കുന്നതിന് ചുമതലപ്പെട്ടവർക്ക് സെബാസ്റ്റ്യന്റെ ആശ്രിതയും അവകാശിയുമായ ഭാര്യ അപേക്ഷ നൽകുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തു കാരണം കൊണ്ടാണ് ഇവർക്ക് ഇൻഷ്വറൻസ് തുക ലഭിക്കാത്തതെന്ന് അറിയിക്കുമോ ; | (ബി) ശ്രീ. സെബാസ്റ്റ്യന്റെ 2007 ഡിസംബറിലെ ശമ്പളത്തിൽ നിന്നും ജി.പി.എ.ഐ. പ്രീമിയം 50/- രൂപ പിടിക്കുകയും ആയത് 29.05.2007 ലെ സ.ഉ.(പി)നം. 221/07/ഫിൻ പ്രകാരം '8658 സസ്പെൻസ് അക്കൗണ്ട് 102 സസ്പെൻസ് അക്കൗണ്ട്സ് (സിവിൽ) -88 ജി.പി.എ.ഐ'ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതും , ഷെഡ്യൂളും |

| | | | |
|---|---|---|---|
| | | | ഫോം II ഉം 12/07 അക്കൗണ്ട്സിനോടോപ്പം എ.ജി.യ്ക്ക് സമർപ്പിക്കുകയും ഫോം II ആലപ്പുഴ ഡിസ്ട്രിക്ട് ട്രഷറി ഓഫീസർക്കും നൽകുകയും ചെയ്തതായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷകന്റെ പ്രീമിയം തുക ലഭിച്ചിട്ടില്ലാത്തതിനാൽ നഷ്ടപരിഹാരം നൽകാൻ സാധ്യമല്ലെന്ന് അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി. മേരിക്കുട്ടി സെബാസ്റ്റ്യനെ 03.05.2010-ലെ കത്ത് നം.570200/ടെക്/10 പ്രകാരം ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും അറിയിക്കുകയുണ്ടായി എന്ന് ചീഫ് എഞ്ചിനീയർ (ഐ&എ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് സെബാസ്റ്റ്യന്റെ വിധവയായ ശ്രീമതി മേരിക്കുട്ടി സെബാസ്റ്റ്യൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു. പി.(സി)19510/2011(കെ) എന്ന കേസ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേക്ക് മാറ്റപ്പെട്ടിട്ടുള്ളതും, ട്രിബ്യൂണലിൽ ഇത് ടി.എ നമ്പർ 2380/12 ആയി ഫയൽ ചെയ്തിട്ടുള്ളതുമാണ് എന്നും ഹർജിയിൽ നാളിതുവരെ തീർപ്പുകൽപ്പിക്കപ്പെട്ടിട്ടില്ലാ എന്നും ചീഫ് എഞ്ചിനീയർ (ഐ&എ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സെബാസ്റ്റ്യനിൽ നിന്നും പ്രീമിയം തുക ശമ്പളത്തിൽ നിന്നു തന്നെ കുറവ് ചെയ്ത് ട്രഷറിയിൽ അടച്ചിരുന്നിട്ടും പ്രീമിയം തുക കിട്ടിയില്ലെന്ന ഇൻഷ്വറൻസ് കമ്പനിയുടെ വാദം പരിശോധിച്ച് സർക്കാരിന്റേയോ ജീവനക്കാരുടെയോ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്ന വീഴ്ചയുടെ പേരിൽ സെബാസ്റ്റ്യന്റെ കുടുംബത്തിന് നീതി നിഷേധിക്കുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ; അദ്ദേഹത്തിന്റെ വിധവയ്ക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) | ശ്രീ.സെബാസ്റ്റ്യന്റെ ജി.പി.എ.ഐ സ്കീം പ്രകാരമുള്ള ഇൻഷ്വറൻസ് ക്ലെയിം സംബന്ധിച്ച വിശദാംശങ്ങൾ ചീഫ് എഞ്ചിനീയർ (ഐ&എ)യുടെ കാര്യാലയത്തിൽ നിന്നും വരുത്തി പരിശോധിച്ച് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സമാന സ്വഭാവമുള്ള ഏതെങ്കിലും കേസുകളിൽ സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>i) 06.08.2012-ലെ സ.ഉ. (ആർ.ടി) നം. 7313/12/ഫിൻ.പ്രകാരം, തിരുവനന്തപുരം മെക്കാനിക്കൽ |

ഡിവിഷനിൽ ജോലി ചെയ്തിരുന്ന ശ്രീ. പി. ബേബി, ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ അപകടത്തിൽ മരണമടഞ്ഞ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി. ദീപ.എ.കെ.യ്ക്ക് ഏഴ് ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

ii) 25.02.2011-ലെ സ.ഉ. (ആർ.ടി) നം. 1383/2011/ഫിൻ പ്രകാരം കട്ടുത്തുരുത്തി എം.വി.ഐ.പി. സബ്ഡിവിഷനിൽ ജോലി ചെയ്തിരുന്ന 3rd ഗ്രേഡ് ഓവർസീയർ ആയ ശ്രീ. ജോസ് സൈമൺ മരണമടഞ്ഞ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ ഭാര്യയായ ശ്രീമതി അനില ജോസിന് 7 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ